18

# ഐകമത്യപ്പെട്ടു

## ( 4:2- 6)

ഒരു രാത്രി പുറത്ത് അത്താഴം കഴിക്കുവാൻ ഒരു സ്ത്രീ തന്റെ രണ്ടു മക്കളുമായി പോയ കഥ പറഞ്ഞുകേട്ടിട്ടുണ്ട്. അവർ ആഹാരം കഴിച്ചു പകുതിയായപ്പോൾ, ഹോട്ടൽ ആളുകളെക്കൊണ്ടു നിറയുവാൻ തുടങ്ങി. അതൊരു കുടുംബസംഗമമെന്നു തോന്നിച്ചു. വരുന്ന ഓരോ വ്യക്തിയേയും സംഘം ചെന്നു വന്ദനം ചെയ്തു ചുംബിക്കുന്നുണ്ടായിരുന്നു. അന്യോന്യം ചിരിക്കുന്നുണ്ടായിരുന്നു; അന്തരീക്ഷം ചിരികൊണ്ടു നിറഞ്ഞു. ആളുകൾ അന്യോന്യം, "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു," എന്നും "നിങ്ങൾക്കു ആരോടെങ്കിലും സംസാരിക്കണമെന്നുണ്ടെങ്കിൽ എന്നെ വിളിക്കുക" എന്നും പറഞ്ഞു.

ആ സ്ത്രീ പോകുന്നതിനു മുൻപു, അവൾ ആ സംഘത്തെക്കുറിച്ചു ആഹാരം വിളമ്പുന്ന സ്ത്രീയോട് അന്വേഷിച്ചു. ആഹാരം വിളമ്പുന്ന സ്ത്രീ പറഞ്ഞു, "അവർ തങ്ങളുടെ രഹസ്യ മദ്യപാനയോഗത്തിനു ശേഷം എല്ലാ ശനിയാഴ്ച്ച രാത്രിയും ഇവിടെ വരാറുണ്ട്." ആ സ്ത്രീയുടെ പതിമൂന്നു - വയസു - പ്രായമുള്ള മകൻ ചോദിച്ചു, "ഇതിൽ പങ്കെടുക്കുവാൻ മദ്യപിക്കേണ്ടതുണ്ടോ?" സ്നേഹവും പിന്തുണയും ലഭിക്കുവാനായി - അടുത്ത - ബന്ധം പുലർത്തിയ ആ സംഘത്തോടു ചേരുവാൻ ആ സ്ത്രീ കാംക്ഷിച്ചിരുന്നു.

ഏകാന്തതയിലുള്ള ആളുകൾ തങ്ങളുടെ സഹായത്തിനായി എവിടെയാണ് പോകുന്നത്? സ്വന്തമെന്ന തോന്നൽ അവർ എവിടെയാണ് കണ്ടെത്തുന്നത്? ഏതെങ്കിലും ഒരു സംഘത്തിനു എല്ലാവരെയും പിന്താങ്ങുവാൻ കഴിയുമോ? അത്തരം ഒരു സംഘമുണ്ട്. വളരെക്കാലം മുൻപ് ദൈവം അതു ഉണ്ടാക്കി. പുതിയനിയമം അതിനെ സഭ, ക്രിസ്തുവിന്റെ ശരീരം, ദൈവഭവനം എന്നു വിളിച്ചിരിക്കുന്നു.

ഏകാന്തത അനുഭവിക്കുന്നവരെയും, ഒറ്റപ്പെട്ടവരെയും, പോരാട്ടത്തിലായവരെയും സ്വീകരിച്ചു ക്രിസ്തുവിന്റെ സഭ അവർക്കു സ്നേഹം പകർന്നു കൊടുക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം രൂപകൽപ്പന ചെയ്തിരിക്കുന്ന സഭ എന്നത് ജീവിതത്തിന്റെ നാനാ തുറയിലുള്ള അന്യോന്യം സമർപ്പിക്കപ്പെട്ടവർ, പരസ്പരം സേവിക്കുകയും, പരസ്പരം ദയയും, ക്ഷമയും, പ്രോത്സാഹനവും, ഐക്യതയോടും കൂടി ഒരുമിക്കുന്നതിനെയാണ്.

ഈ അടിസ്ഥാന സത്യത്തെ കുറിച്ചു ചിന്തിക്കുക: *നാം കൂടുതലും ക്രിസ്തുവിന്റെ ശരീരമായി തീരുമ്പോൾ, ദൈവം വാസ്തവത്തിൽ അവർക്കു നല്കുന്നതു നമ്മിൽ കൂടെ ആളുകൾക്ക് എളുപ്പത്തിൽ കാണുവാൻ സാധിക്കും.*

അത്തരത്തിലുള്ള ഐക്യതയെയാണ് പൗലൊസ് എഫെസ്യർക്കു എഴു

തുന്നത്:

> കർത്തൃസേവ നിമിത്തം, ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം, പൂർണ്ണ വിനയത്തോടും, സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും, ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും, ചെയ്വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു; കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ (4:1-6).

"ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിപ്പിൻ" എന്നു പൗലൊസ് 4:3-ൽ ക്രിസ്ത്യാനികളോടു പറഞ്ഞു. "ശ്രമിക്കുക," എന്നതിന്റെ ഗ്രീക്കു ക്രിയ *സ്പൗഡസോ* എന്നതിനർത്ഥം, ഒന്നും പുറകിലേക്കു വലിക്കുന്നില്ല എന്നാണ്. ക്രിയയുടെ കാലം സൂചിപ്പിക്കുന്നത് നാം ഇതു തുടർച്ചയായി ചെയ്യണമെന്നാണ്.

അതാണ് ക്രിസ്തുവിന്റെ സഭക്കുള്ള മുൻഗണന. അവന്റെ കൈകളിൽ ആണി അടിച്ചു ക്രൂശിലേക്കു ഉയർത്തുന്നതിനു മുൻപു, യേശു പ്രാർത്ഥിച്ചു,

> ഇവർക്കു വേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ; അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും, ആകുന്നതുപോലെ; അവരും നമ്മിൽ ആകേണ്ടതിന്നു തന്നെ.
>
> നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും, നീ എന്നെ സ്നേഹിക്കുന്നതുപോലെ, അവരേയും സ്നേഹിക്കുന്നു എന്നും, ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ, അവരും ഒന്നാകേണ്ടതിന്നു; ഞാൻ അവരിലും, നീ എന്നിലുമായി, അവർ ഐക്യത്തിൽ തികഞ്ഞവർ ആകേണ്ടതിന്നു തന്നേ (യോഹന്നാൻ 17:20-23).

ആത്മാവിന്റെ ഐക്യത സൂക്ഷിപ്പാൻ ആളുകൾ അന്യോന്യം സ്നേഹിക്കുകയും അന്യോന്യം പൊറുക്കയും എല്ലാം സഹിക്കുകയും ചെയ്യണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. തന്റെ പ്രാർത്ഥനക്കു മറുപടി ലഭിക്കുവാൻ അവൻ പ്രതീക്ഷിക്കുന്നു.

ഈ ഐക്യത എങ്ങനെ കൈവരിക്കാം?

### ദൈവം ഐക്യത നല്കുന്നു

ഐക്യത ഉത്ഭവിക്കുന്നതു ദൈവത്തിൽ നിന്നാണ്. പൗലൊസ് ഏഴു "ഒന്നു" എന്ന പ്രയോഗങ്ങൾ നടത്തുന്നുണ്ട്: "ശരീരം ഒന്നു ... ആത്മാവു ഒന്നു ... പ്രത്യാശ ഒന്നു ... കർത്താവു ഒരുവൻ ... വിശ്വാസം ഒന്നു ...

സ്നാനം ഒന്നു ... ദൈവം ഒന്നു." ഈ ഏഴു പ്രയോഗങ്ങളിൽ ഊന്നൽ കൊടുത്തിരിക്കുന്നതു ദൈവം എന്ന പ്രയോഗത്തിനാണ് എന്നു കാണാം, പ്രത്യേകിച്ചു ദൈവത്തിന്റെ ഏകത്വത്തിന്. ഏകത്വം എന്ന ആശയം ദൈവത്തിൽനിന്നു വേർപെടുത്താവുന്നതല്ല. പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഒന്നു തന്നെ. ത്രിത്വത്തിൽ ഒരു എതിരുമില്ല. ദൈവികത്വത്തിൽ, നാം തികഞ്ഞ ഐക്യതയാണ് കാണുന്നത്.

ആ ദൈവികത്വത്തിലെ മറ്റു- പ്രാപഞ്ചിക ലോകത്തിലെ ഐക്യതയിൽ നിന്ന് ഈ ലോകത്തിലേക്ക് ആ ഐക്യതയുടെ പ്രതിഫലനം ഉത്ഭവിക്കുന്നു. അതു കാണപ്പെടുന്നത് ക്രിസ്തുവിന്റെ ശരീരത്തിലാണ്. ഏക ശരീരം ദൈവത്തിന്റെ കണ്ണുകളിലും മനസിലും യോജിച്ചിരിക്കുന്നു. നമ്മെ യോജിപ്പിച്ചിരിക്കുന്നതു ഏക കർത്താവാകയാൽ ഏക ശരീരമാണുള്ളത്.

ഏകവിശ്വാസം, ഏക പ്രത്യാശ, ഏക സ്നാനം, അതിനേ – ക്കാളുപരി – ഏക കർത്താവും ഉള്ള ലോകത്തിലേക്ക് ആ ഐക്യത വരുന്നു. നാം ഏക കർത്താവിൽ വിശ്വസിക്കുന്നു. ആ ഏക കർത്താവിനോടു ചേരുവാനാണ് നാം സ്നാനം ഏൽക്കുന്നത്. ആ ഏക കർത്താവിന്റെ മടങ്ങി വരവിലാണ് നമുക്കു പ്രത്യാശ ഉള്ളത്.

ഒരു ഭവനമാണ് ഈ ലോകത്തിൽ ആ ഐക്യത വരുത്തുന്നത് – ദൈവഭവനം. കാരണം നമുക്കു "എല്ലാവരിലും വ്യാപരിക്കുന്നവനും എല്ലാവർക്കും പിതാവും ആയവൻ ഒരുവൻ," മാത്രം ആയതുകൊണ്ടു ഒരു ഭവനമേ ഉള്ളൂ.

"... ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിപ്പിൻ," എന്നു പൗലൊസ് ക്രിസ്ത്യാനികളോടു പറഞ്ഞപ്പോൾ അവൻ നമ്മോടു ഐക്യത *ഉണ്ടാക്കുവാൻ* പറഞ്ഞില്ല. അതു ചെയ്യുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. നാം ക്രിസ്തുവിൽ ആയപ്പോൾ നാം ഐകമത്യപ്പെട്ടു. നമുക്കു ഒരേ പിതാവും കർത്താവും ആണുള്ളത്, ഒരേ ആത്മാവാണ് നമ്മിൽ വസിക്കുന്നതും. ദൈവം അതാണ് കാണുന്നത്.

ദൈവത്തിൽ ശ്രദ്ധിക്കുവാനാണ് ബൈബിൾ പറയുന്നത്. ക്രിസ്ത്യാനികളോടു നമുക്കു പിതാവും, ദൈവപുത്രനും, ആത്മാവും ആയ, ദൈവത്തിലേക്കു നോക്കുവാനാണ് പറയുന്നത്. തികഞ്ഞ ഐക്യതയുള്ള, വിശുദ്ധ യോജിപ്പുള്ള, ദൈവിക ഏകത്വമുള്ള, നിത്യമായ കൂട്ടായ്മയുള്ള ദൈവമായി നാം അവനെ കാണണം. ദൈവത്തിൽ നാം വാസ്തവത്തിലുള്ള ഏകത്വത്തിന്റെ അർത്ഥവും, യോജിപ്പും, സ്നേ ഹവും കാണുന്നു. ഈ ഗുണങ്ങളെല്ലാം ദൈവത്തിൽ കണ്ടുകൊണ്ടു, നാം അവ ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ലോകത്തിനു കാണിച്ചു കൊടുക്കുവാൻ ശ്രമിക്കുന്നു.

## ഐക്യത വളർത്തുന്ന മനോഭാവങ്ങൾ

നമുക്കു ഐക്യത ഉണ്ടാക്കുവാൻ സാധ്യമല്ല, പക്ഷെ നമുക്കു ഐക്യത വളർത്തിയെടുക്കുന്ന രീതിയിൽ പെരുമാറാം. പൗലൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്നത് "പൂർണ്ണവിനയത്തോടും, സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്ക, ..." (4:2). ആവശ്യമുള്ള മൂന്നു മനോഭാവങ്ങൾ പൗലൊസ് പറഞ്ഞിരിക്കുന്നു.

ഒന്നാമത്, ക്രിസ്ത്യാനികൾക്കു പൂർണ്ണ "വിനയം"[1] ഉണ്ടായിരിക്കണം

എന്നു പറഞ്ഞു. എവിടെ നിന്നാണ് വിനയം വരുന്നത്? വിനയം എന്നതു നിങ്ങൾ വെറുതെ ജീവിതത്തിൽ ആഗ്രഹിക്കുന്ന ഒന്നാണോ?

ദൈവത്തെ കണ്ടുമുട്ടുന്നതിൽനിന്നു ലഭിക്കുന്നതാണ് വിനയം. വിനയമുള്ളവരായി ബൈബിളിൽ പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങളിൽ പൊതുവായ ചിലതു കാണാം – ദൈവവുമായി നേരിടൽ. ദൈവത്തിന്റെ വീര്യത്തിലും, ശക്തിയിലും, മാഹാത്മ്യത്തിലും അവർ അതിശയിക്കയുണ്ടായി. അതു മോറിയാമലയിൽ വെച്ചു അബ്രഹാമിന്നു സംഭവിച്ചു (ഉല്പ്പത്തി 22:1–18) മുൾപ്പടർപ്പു കത്തിക്കൊണ്ടിരുന്നപ്പോൾ മോശെക്കു അനുഭവപ്പെട്ടു (പുറപ്പാട് 3:1–4:17). ദൈവത്തിന്റെ അതിശയകരമായ കൈവേല കണ്ടു ദാവീദ് അത്ഭുതപ്പെട്ടു (സങ്കീർത്തനങ്ങൾ 19). ദൈവാലയത്തിൽ വെച്ചു പ്രവാചകനായ യെശയ്യാവു ദൈവത്തെ മുഖാമുഖമായി കണ്ടപ്പോൾ അവന്റെ അപര്യാപ്തത അവൻ തിരിച്ചറിഞ്ഞു (യെശയ്യാവു 6:1–5); അപ്പൊസ്തലനായിരുന്ന യോഹന്നാൻ, പത്മൊസ് ദ്വീപിൽ പ്രവാസിയായിരുന്നപ്പോൾ, മനുഷ്യപുത്രന്റെ കാൽക്കൽ വീണു (വെളിപ്പാട് 1:12–17). ദൈവത്തിന്റെ മാഹാത്മ്യം കണ്ടുമുട്ടുന്നവർ തലകുനിക്കും.

ദൈവത്തിന്റെ മാഹാത്മ്യം അനുഭവപ്പെടുന്നതുവരെ, അഹങ്കാരമായിരിക്കും ജയിക്കുന്നത്. ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി നമ്മുടെ ആവശ്യമനുസരിച്ചു ചെറുതാക്കി എടുക്കുന്നതുപോലെ അഹങ്കാരം ദൈവത്തെ ചെറുതാക്കി കാണുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. അതുപോലെ അഹങ്കാരം മറ്റുള്ളവരിൽ നാം കാണുന്ന മൂല്യത്തെ കുറച്ചുകാണിക്കുകയും ചെയ്യും. ദൈവത്തിന്റെ മാഹാത്മ്യത്തെ നാം മുഖാമുഖമായി കണ്ടുമുട്ടുമ്പോഴാണ് നമ്മുടെ മൂല്യത്തെ നാം ശരിയായി കാണുന്നത്. ദൈവം വാസ്തവത്തിൽ ആയിരിക്കുന്നതുപോലെ നാം അവനെ കണ്ടാൽ നാം നമ്മെ കാണുന്ന രീതിയും മറ്റുള്ളവരെ കാണുന്ന രീതിയും മാറും.

യോജിപ്പിനു സഹായകരമായ രണ്ടാമത്തെ മനോഭാവത്തെ പൗലൊസ് പറയുന്നുണ്ട്: "സൗമ്യത."[2] എന്താണ് സൗമ്യത? അത് എന്തല്ല എന്നു എനിക്കു കാണിച്ചു തരുവാൻ കഴിയും. ഒരു ദിവസം ട്രാഫിക് സിഗ്നലിൽ ഞാൻ കാർ നിർത്തി. മറ്റൊരു ദിശയിൽ സഞ്ചരിച്ചിരുന്ന കാറിന്നു ഇടത്തേക്കു തിരിയുവാനുള്ള സിഗ്നൽ ലഭിച്ചിരുന്നു. ആ ഡ്രൈവർ എന്റെ കാറിന്റെ മുൻപിൽ വച്ച് തിരിക്കുവാൻ തുടങ്ങി – ചുരുങ്ങിയത് അതായിരുന്നു അയാളുടെ ഉദ്ദേശം. നിർഭാഗ്യവശാൽ, കാർ പകുതി തിരിച്ചപ്പോഴേക്കും, എന്തോ കുഴപ്പത്താൽ നിന്നു പോയി. കാറിൽ നിന്നു ഭയങ്കരമായ ശബ്ദവും തീയും പുകയും വരുന്നുണ്ടായിരുന്നു. കാറിനു പുറകെയായി ഒരു ട്രക്കുണ്ടായിരുന്നു, അതിൽ ധാരാളം സ്ഥലങ്ങളിൽ പോകേണ്ട അത്യാവശ്യമുള്ളതിനാൽ അക്ഷമനായ ഒരു ഡ്രൈവർ ഉണ്ടായിരുന്നു. ട്രക്ക് ഡ്രൈവർ ആ കാർ ഡ്രൈവറോടു ഹോൺ അടിച്ചു വളരെ പരുഷമായി സംസാരിക്കുന്നതു കേട്ടു.

ഞാൻ വിചാരിച്ചു, "നാം ആഗ്രഹിക്കുന്നതുപോലെ ആളുകൾ ചെയ്തില്ലെങ്കിൽ അങ്ങനെയായിരിക്കും നാം അവരോടു പെരുമാറുന്നത്. ആളുകൾക്കു പ്രശ്നം നേരിടുമ്പോൾ, തെറ്റുകൾ പറ്റുമ്പോൾ, അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷക്കൊത്ത് കാര്യങ്ങൾ നടന്നില്ലെങ്കിൽ നാം അങ്ങനെയാണ്."

യേശു നമ്മോടു പറയുന്നത്, ദേഷ്യപ്പെടാതെ അല്ലെങ്കിൽ പ്രതികാരം കൂടാതെ സൗമ്യതയോടെ പെരുമാറുവാനാണ്. യേശു തന്റെ ആത്മാവിനെ

നൽകുന്നതുകൊണ്ടു നമുക്കു സൗമ്യതയുള്ളവരാകാം.

സഭയിൽ ഐക്യത വളർത്തുന്ന മൂന്നാമത്തെ മനോഭാവം "ക്ഷമ" ആണ് (ഗ്രീക്ക്.: *മക്റോത്തുമിയ*), അല്ലെങ്കിൽ "ദീർഘക്ഷമ" (കെജെവി). യഥാർത്ഥ ഗ്രീക്കു വാക്ക് അക്ഷരികമായി അർത്ഥമാക്കുന്നത് "ദീർഘമായി സമചിത്ത രായിരിക്കുക" എന്നാണ്. അതു നാം അർത്ഥമാക്കുന്ന "മുൻ-കോപത്തിന്റെ" നേരെ എതിരായ ആശയം കാണിക്കുകയാണ്. മുൻകോപികൾ സഭക്കുള്ള വരാകയില്ല.

ആഹാരപ്പൊതി നിങ്ങൾ എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ? നല്ല പോഷകങ്ങൾക്കു ആവശ്യമുള്ള ചുരുങ്ങിയ ഘടകങ്ങൾ അതിന്റെ പുറത്ത് അച്ചടിച്ചിരിക്കും. അതിൽ നമ്മുടെ ആരോഗ്യത്തിനു വേണ്ട വിറ്റാമിനുകളും എഴുതിയിട്ടുണ്ടാകും. നമ്മുടെ പാഠത്തിൽ, സഭയുടെ ഐക്യതക്കു ആവ ശ്യമുള്ള ചുരുങ്ങിയ ഘടകങ്ങൾ പൗലൊസ് എഴുതിയിരിക്കുന്നു: ക്ഷമയും, വിനയവും, സൗമ്യതയുമാണ് അവ.

## ഐക്യത സൂക്ഷിക്കുന്ന
## ഒരു പ്രവൃത്തി

ഐക്യത നിലനിർത്തുവാനാവശ്യമായ മനോഭാവങ്ങളോടൊപ്പം, ആവ ശ്യമായ ഒരു പ്രവൃത്തിയും പൗലൊസ് നല്കുന്നുണ്ട്. അവൻ "സ്നേഹ ത്തിൽ അന്യോന്യം പൊറുക്കയും ചെയ്വിൻ" എന്നു പറഞ്ഞിരിക്കുന്നു (4:2). അതിൽ ആളുകളെ സഹിക്കുന്നതു ഉൾപ്പെടുന്നു, എന്നാൽ സഹി ഷ്ണതയോടെ അല്ല. അതു വെറുതെ പല്ലു കടിക്കുന്നതോ, കൈകെട്ടി നില്ക്കുന്നതോ, യേശുവിന്റെ വരവു വരെ പരസ്പരം സഹിഷ്ണുത കാണി ക്കുന്നതോ അല്ല; അതു പരസ്പരം നന്മ പ്രതീക്ഷിച്ചു പ്രവർത്തിക്കുന്നതാ ണ്.

"സ്നേഹം" എന്ന വാക്ക് നാം കണ്ടില്ലെന്നു നടിക്കരുത്. *സ്നേഹത്തിൽ* നാം അന്യോന്യം പൊറുക്കണം. സ്നേഹത്തെക്കുറിച്ചു പൗലൊസ് വിവരി ക്കുന്നതു ഓർമ്മിക്കുക:

> സ്നേഹം ദീർഘമായി ക്ഷമിക്കയും, ദയ കാണിക്കയും ചെയ്യുന്നു, സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല അയോഗ്യമായി നടക്കുന്നില്ല; അത് സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യ പ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല (1 കൊരിന്ത്യർ 13:4, 5).

ഒരു കൊറ്റിയുടേയും മയിലിന്റേയും കെട്ടുകഥ ഇസോപ് പറയുകയു ണ്ടായി:

> മയിലും കൊറ്റിയും ഒരു ദിവസം കണ്ടുമുട്ടിയപ്പോൾ മയിൽ തന്റെ പീലി നിവർത്തിക്കൊണ്ട് കൊറ്റിയെ നോക്കി, അവ രണ്ടും സാധാരണ ജീവി കൾ ആയിരുന്നെങ്കിലും അല്പം പുഛത്തോടെയും അഹങ്കാരത്തോടെയു മാണ് മയിൽ കൊറ്റിയെ നോക്കിയത്.
>
> ധിക്കാരവും ഗർവ്വവും നിറഞ്ഞ ആ നോട്ടം, കൊറ്റിക്കു ഇഷ്ടപ്പെട്ടില്ല, അതുകൊണ്ടു കൊറ്റി, മയിൽ കേൾക്കത്തക്കവണ്ണം പറഞ്ഞു, "മയിലു കൾക്കു ചിറകുകളും ഉണ്ടായിരുന്നെങ്കിൽ അവ മനോഹരപക്ഷികളാകു

മായിരുന്നു, ആകാശത്തിൽ മേഘങ്ങൾക്കുമേൽ പറക്കുവാൻ കഴി യാതിരിക്കുന്നത് വലിയ കുറവു തന്നെയാണ്." പിന്നെ കൊറ്റി തന്റെ വലിയ ചിറകു വിടർത്തി, മുമ്പിലത്തെ പോലെ മയിലിനെ പ്രസാദിപ്പിക്കാതെ അതിനെ ഉപേക്ഷിച്ചുകൊണ്ട്, ശക്തമായി ചിറകടിച്ചു പറന്നുയർന്നു.

പ്രാദേശിക ഇടവകകൾ ഉള്ളേടത്തോളം കാലം, അവയിലുള്ള ആളു കൾ പക്വതയിലും, കുടുംബപശ്ചാത്തലത്തിലും, വിവാഹനിലവാരത്തിലും, പ്രായത്തിലും, വിചാരത്തിലും, വ്യക്തിത്വത്തിലും വ്യത്യാസമുള്ളവരായിരി ക്കും. മയിലിനെയും കൊറ്റിയെയും ദൈവം, വ്യത്യാസമുള്ളവയായിട്ടാണ് സൃഷ്ടിച്ചത്. നമ്മെയും ദൈവമാണ് സൃഷ്ടിച്ചത്. നമ്മെ എല്ലാവരെയും വ്യത്യാസമുള്ളവരായിട്ടാണ് സൃഷ്ടിച്ചത്, എന്നാൽ നിങ്ങളെ രക്ഷിച്ച കർത്താവു തന്നെയാണ് എന്നെയും രക്ഷിച്ചത്. നിങ്ങളിൽ വസിക്കുന്ന പരി ശുദ്ധാത്മാവു തന്നെയാണ് നിങ്ങളുടെ അടുത്തിരിക്കുന്ന ക്രിസ്ത്യാനിയിലും വസിക്കുന്നത്. നിങ്ങളെ മകൻ എന്നു വിളിച്ചിരിക്കുന്ന അതേ പിതാവു തന്നെ യാണ് പ്രാദേശികസഭയിലെ ഓരോ അംഗത്തെയും മകൻ അല്ലെങ്കിൽ മകളായി കാണുന്നത്.

അതെ, നിങ്ങൾക്കു ചുറ്റും നോക്കുമ്പോൾ ആളുകൾ ദൈവമക്കളായി ട്ടല്ല എല്ലായ്പ്പോഴും കാണപ്പെടുന്നത് എന്നെനിക്കറിയാം. ഞാൻ തെറ്റിപ്പോകു മ്പോൾ, നിങ്ങൾ ദൈവത്തോടൊപ്പം സ്നേഹത്തോടെ എന്നെ താങ്ങി നിർത്തുവാനാണ് അവൻ ആഗ്രഹിക്കുന്നത്. നിങ്ങൾ ഇടറുമ്പോൾ, ഞാൻ നിങ്ങളോടു പൊറുക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമുക്കിടയിൽ നാം ഒരു വേർപാടുണ്ടാക്കിയാൽ, നിങ്ങൾക്കും, എനിക്കും ക്രിസ്തുവിൽ വളരുവാൻ സാധ്യമല്ല.

**ഉപസംഹാരം**

ലോകം മുഴുവൻ കാണേണ്ടതിന്നു ദൈവം സൃഷ്ടിച്ച ഒരു വിശ്വാസമുള്ള സമൂഹത്തെയാണ് ക്രിസ്തുവിന്റെ ശരീരം നൽകുന്നത്. സഭ യിൽ സൗഹൃദം, പ്രത്യാശ, പിന്താങ്ങൽ, പ്രോൽസാഹിപ്പിക്കൽ എന്നിവ ആളുകൾക്ക് കാണാൻ കഴിയും. ദൈവസ്വഭാവത്തിൽ നിന്നാണ് നമ്മുടെ ഐക്യത നമ്മിലേക്കു വരുന്നത്. അക്കാരണത്താൽ നാം "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാത്തുകൊള്ളണം" എന്നു പറഞ്ഞിരി ക്കുന്നു.

പ്രാദേശിക സഭയിൽ ഐക്യത നിലനിർത്തുവാൻ നിങ്ങൾക്കു എന്തു ചെയ്യുവാൻ കഴിയും?

*നിങ്ങളുടെ ജീവിതത്തിൽ സഭയുടെ ഐക്യം ഒരു ഉയർന്ന മുൻഗണന യായി എടുക്കുക.* ഐക്യത അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു ദൈവസ്വ ഭാവത്തിലാണ്. അതിനു ഉയർന്ന മൂല്യം കൊടുക്കുക. ഇടവകയിൽ ഐക്യത ഉണ്ടാകുവാനും ശക്തിപ്പെടുവാനും ദൈവത്തോടു പ്രാർത്ഥിക്കുക. ഐക്യ തക്കായുള്ള നിങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥന ദൈവം കേൾക്കും.

*മനോഭാവ ക്രമീകരണങ്ങൾ നടത്തുക.* സ്വാർത്ഥതയോ അഹങ്കാരമോ നിമിത്തം ഭിന്നിപ്പുണ്ടാകും. ദൈവമാഹാത്മ്യത്തിനു മുൻപിൽ അവ അപ്ര ത്യക്ഷമാകും. നമുക്ക് ആളുകളുമായി ഉണ്ടാകുന്ന കുഴപ്പം വാസ്തവത്തിൽ ആളുകളുമായിട്ടുള്ളതല്ല. അതു നമുക്കു ദൈവത്തെ കുറിച്ചു ശരിയായ

ബോധം ഇല്ലാത്തതുകൊണ്ടാണ്. നാം ദൈവത്തെ കുറിച്ചു പാട്ടുപാടുകയും, ദൈവത്തെ ഉയർത്തി പുകഴ്ത്തുന്ന സങ്കീർത്തനങ്ങൾ വായിക്കയും, അവന്റെ സന്നിധിയിൽ ഇരുക്കുകയും, അവനിൽ തന്നെ ശ്രദ്ധിക്കുകയും വേണം. അപ്പോൾ ആളുകളോടുള്ള നമ്മുടെ മനോഭാവത്തിൽ വരുന്ന മാറ്റത്തിൽ നമുക്ക് അതിശയം തോന്നും.

*പ്രവർത്തിക്കുക.* സഭയുടെ ഐക്യതക്കു പ്രത്യേകമായി സഹായകരമായതെന്തെന്നു തിരിച്ചറിഞ്ഞു, അതു പ്രവർത്തിച്ചു തുടങ്ങുക. അതിൽ പരദൂഷണം നിർത്തുന്നതും, ആരോടെങ്കിലും നിരപ്പാകുന്നതും, ഒരു ബന്ധം പുന:സ്ഥാപിക്കുന്നതിനു മുന്നിട്ടിറങ്ങുന്നതും, ഓരോ ആഴ്ച്ചയിലും ഓരോരുത്തരെ പ്രോൽസാഹിപ്പിക്കുന്നതിനു ഒരു കാർഡ് അയക്കുന്നതും, മറ്റുള്ളവരിലെ ഒരു നന്മ എങ്കിലും ചൂണ്ടിക്കാണിക്കുവാൻ തീരുമാനിക്കുന്നതും, സംഭാഷണങ്ങളിൽ അധികവും ക്രിയാത്മകമാകുവാൻ ശ്രമിക്കുന്നതും, സമാധാനം ഉണ്ടാക്കുവാനായി രണ്ടുപേരെ വീണ്ടും യോജിപ്പിക്കുന്നതും, അല്ലെങ്കിൽ സഭയിൽ മറ്റുള്ളവരോടു അടുക്കാതിരിക്കുന്നവരെ പ്രത്യേകമായി "ദത്തെടുക്കുന്നതും" ഉൾപ്പെടുന്നു.

സ്നേഹത്തിൽ അന്യോന്യം പൊറുക്കുവിൻ. നിങ്ങൾക്കു മറ്റുള്ളവരോടു പൊറുക്കുവാൻ കഴിയുന്നില്ലെങ്കിൽ, അതിനെ അതിജീവിക്കു വാൻ ദൈവത്തോടു പ്രാർത്ഥിക്കുക. അങ്ങനെയുള്ള ആളുകൾക്കു വേണ്ടി പ്രാർത്ഥിക്കുകയും, ദൈവത്തിനു നന്ദി കരേറ്റുകയും വേണം.

നാം "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിച്ചാൽ," യേശു യോഹന്നാൻ 17-ൽ പ്രാർത്ഥിച്ച പ്രാർത്ഥനക്കു ഉത്തരം ലഭിക്കും – തന്റെ ജനം ആത്മാവിൽ ഒന്നായിരിക്കും ... കർത്താവിൽ ഒന്നായിരിക്കും.

---

കുറിപ്പുകൾ

[1]"വിനയം"എന്നതിന്റെ ഗ്രീക്ക് വാക്ക് *റ്റാപെയിനോഫ്രോസുനേ* എന്നാണ്. അതു സൂചിപ്പിക്കുന്നതു ദൈവം ആവശ്യപ്പെടുന്നതനുസരിച്ചും യേശു നൽകിയ മാതൃകയനുസിച്ചും ഉള്ള എളിമ സ്വഭാവത്തെയാണ്. [2]"സൗമ്യത" എന്നതിന്റെ ഗ്രീക്ക് വാക്ക് *പ്രാറ്റെസ്* എന്നാണ്. ഗ്രീക്കുകാർ ഇതുപയോഗിച്ചിരിക്കുന്നതു പ്രത്യേക താഴ്മയുള്ള ആളുകളെയോ വസ്തുക്കളെയോ സൂചിപ്പിക്കുന്നതിനാണ് – പൊള്ളലേറ്റ ഭാഗത്തു വേദന കുറയ്ക്കുന്നതിനു പുരട്ടുന്ന കുഴമ്പു പോലെയാണ് അത്. ആളുകളുമായി പരുഷമായും മൃദുവായും പെരുമാറുവാൻ അത് അനുവദിക്കുന്നു എന്നർത്ഥം: ആവശ്യമുള്ളപ്പോൾ പരുഷമായും, എപ്പോൾ മൃദുത്വം ആവശ്യമാണോ അപ്പോൾ അങ്ങനെയും. [3]*ഇസോപ്സ് ഫേബിൾസ്* (നോർവാക്ക്, കോൺ.: ഹെറിറ്റേജ് പ്രെസ്, 1969), 23.